റിട്ട്പെറ്റീഷനുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തിലും എല്ലാ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിലും ഒരു സിവിൽ സർവ്വീസ് ബോർഡ് രൂപവൽക്കരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 31-10-2013-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡുകൾ രൂപവൽക്കരിച്ചത്. ഐ.എ.എസ്., ഐ.എഫ്.എസ്. വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമനത്തിനും സ്ഥലം മാറ്റത്തിനും ഉള്ള ശിപാർശ നൽകേണ്ടത് പ്രസ്തുത സിവിൽ സർവ്വീസ് ബോർഡുകളാണ്. നിശ്ചിത മിനിമം കാലാവധിക്കുമുമ്പ് സ്ഥലം മാറ്റപ്പെടുന്നതിന് ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ കേസ്സുകൾ സിവിൽ സർവ്വീസ് ബോർഡിന് പരിശോധിക്കാവുന്നതാണ്. പ്രത്യേക സാഹചര്യങ്ങളിൽ നിശ്ചിത കാലാവധിക്കുമുമ്പ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സിവിൽ സർവ്വീസ് ബോർഡിന് പരിഗണിക്കാവുന്നതാണ്. നിശ്ചിത കാലാവധിക്കുമുമ്പ് സ്ഥലം മാറ്റേണ്ടതായുള്ള ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ കാര്യകാരണ സഹിതം ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സിവിൽ സർവ്വീസ് ബോർഡിന് ശിപാർശ ചെയ്യാവുന്നതാണ്. നിശ്ചിത കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് ഒരു ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പിൽ നിന്നും വിശദമായ ന്യായീകരണം സിവിൽ സർവ്വീസ് ബോർഡിന് തേടാവുന്നതാണ്. ഭരണവകുപ്പിന്റെ വിശദീകരണത്തോടൊപ്പം വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്നുള്ള വിശദാംശങ്ങളും സ്ഥലം മാറ്റത്തിന് ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്റെ അഭിപ്രായങ്ങളും സിവിൽ സർവ്വീസ് ബോർഡിന് പരിഗണിക്കാവുന്നതാണ്. സിവിൽ സർവ്വീസ് ബോർഡിന് ബോദ്ധ്യപ്പെടാത്ത പക്ഷം കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റാൻ സിവിൽ സർവ്വീസ് ബോർഡ് ശിപാർശ ചെയ്യാൻ പാടില്ല. കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് സ്ഥലം മാറ്റപ്പെടുന്നതിന് ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച് വിശദാംശങ്ങൾ കാര്യകാരണ സഹിതം വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ കേന്ദ്ര സർക്കാരിന് സിവിൽ സർവ്വീസ് ബോർഡ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് കാര്യകാരണ സഹിതം രേഖാമൂലം രേഖപ്പെടുത്തിക്കൊണ്ട് സിവിൽ സർവ്വീസ് ബോർഡിന്റെ ശിപാർശ തള്ളിക്കളയാവുന്നതാണ്.

നിയമനങ്ങൾ പി.എസ്.സി. വഴി

65 (2884) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നും ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഏതെല്ലാം റിക്രൂട്ട്മെന്റ് ബോർഡുകൾ പ്രവർത്തനം ആരംഭിച്ചു ; പ്രസ്തുത ബോർഡുകളിലെ അംഗങ്ങൾ, ഉദ്യോഗസ്ഥ സംവിധാനം, നിയമന രീതികൾ തുടങ്ങിയവ വ്യക്തമാക്കുമോ ;

(ഇ) ഈ ബോർഡുകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകൾ ; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളിലേക്കും ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലേക്കുമുള്ള പാരമ്പര്യ തസ്തികകൾ ഒഴികെയുള്ള നിയമനങ്ങൾക്കായി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരാളെ ചെയർ പേഴ്സണായും ഒരു വനിതയും ഒരു എസ്.സി./ എസ്.റ്റി. അംഗവും ഉൾപ്പെടെ മൊത്തം നാല് അംഗങ്ങൾ മെമ്പർമാരായും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരാളെ ബോർഡ് സെക്രട്ടറിയായും ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരാളെ ഫിനാൻസ് എക്സ്പെർട്ട് ആയും നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരാളെ ലാ എക്സ്പെർട്ട് ആയും ഉൾപ്പെടുത്തിയാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി.ഒ.(പി)നമ്പർ 104/2015/ആർഡി തീയതി 13-3-2015 പ്രകാരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുകളിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലേക്കും കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വങ്ങളിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം സർക്കാരിൽ ലഭ്യമല്ല.

സർക്കാർ ജീവനക്കാർക്ക് മത സംഘടനകളിലും മറ്റുമുള്ള അംഗത്വം

66 (2885) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് മത സംഘടനകളിലും കമ്മിറ്റികളിലും അംഗമാകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വ്യക്തി സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന ഇത്തരം നീക്കങ്ങളിൽ നിന്ന് പിന്തിരിയുവാനും സംഘടനകളുടെ പുരോഗതി ലക്ഷ്യമിട്ട് സർക്കാർ ജീവനക്കാർക്ക് അതിൽ അംഗമായി പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 7-8-2014-ലെ G.O (P) 27/2014/P&ARD പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ ജാതി/മത സംഘടനകളുടെ ഭാരവാഹികളാകുന്നതിൽ നിന്നും വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർ ജാതി/മത സംഘടനകളിൽ അംഗമാകുന്നതിനെ വിലക്കിയിട്ടില്ല. പ്രസ്തുത സംഘടനകളുടെ ഭാരവാഹിത്വം വഹിക്കുന്നതിന് മാത്രമാണ് വിലക്കുള്ളത്.

ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ

67 (2886) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റ് വരെയുള്ള ക്ലാസ് 3, 4 ജീവനക്കാരുടെ പ്രൊമോഷൻ യഥാസമയം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly